ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:** 13.04.2025

## പ്രധാനവാർത്തകൾ

1) ധീര ബലിദാനികളുടെ സ്മരണകൾ പുതുക്കി ഇന്ന് ജാലിയൻവാലാബാഗ് ദിനം ; ജീവൻ ബലിയർപ്പിച്ച സ്വാതന്ത്ര്യ സമര സേനാനികളുടെ പരമമായ ത്യാഗം തലമുറകൾ സ്മരിക്കുമെന്ന് പ്രധാനമന്ത്രി.

2) യുവ തലമുറ അംബേദ്കറുടെ പാത പിന്തുടർന്ന് ഭരണഘടനാ പ്രതിജ്ഞ പുതുക്കണമെന്ന് അംബേദ്കകർ ജയന്തി പദയാത്രയിൽ പങ്കെടുത്ത് ഗവർണർ രാജേന്ദ്ര ആർലേക്കർ.

3) ചരിത്രവും സംസ്കാരവും വരും തലമുറയ്ക്ക് പകർന്നു നൽകാനുള്ള കേന്ദ്രങ്ങളാണ് മ്യൂസിയങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4) യേശുക്രിസ്തുവിന്റെ ജെറുസലേം പ്രവേശനത്തിന്റെ സ്മരണകളുണർത്തി ഇന്ന് ഓശാന ഞായർ; വിശുദ്ധ വാരാചരണത്തിന് തുടക്കമായി.

5) വിഷു ആഘോഷിക്കാനുള്ള ഒരുക്കത്തിൽ മലയാളികൾ; വിഷുക്കണി ദർശനത്തിനുള്ള മുന്നൊരുക്കങ്ങളുമായി സംസ്ഥാനത്തെ ക്ഷേത്രങ്ങൾ.

6) IPL ക്രിക്കറ്റിൽ ഇന്ന് ബംഗളുരു-രാജസ്ഥാനെയും, മുംബൈ-ഡൽഹിയെയും നേരിടും.

*******************

RNU TVPM

## ജാലിയൻവാലാബാഗ് ദിനം

ധീര ബലിദാനികളുടെ സ്മരണകൾ പുതുക്കി ഇന്ന് ജാലിയൻവാലാബാഗ് ദിനം. ജാലിയൻവാലാബാഗിൽ ജീവൻ ബലിയർപ്പിച്ച സ്വാതന്ത്ര്യ സമര സേനാനികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. അവരുടെ പരമമായ ത്യാഗം തലമുറകൾ സദാ സ്മരിക്കുമെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. ജാലിയൻവാലാബാഗിലെ ത്യാഗം സ്വാതന്ത്ര്യസമരത്തിൽ വഴിത്തിരിവായി മാറിയെന്ന് ശ്രീ.മോദി കൂട്ടിച്ചേർത്തു.

*******************

## അംബേദ്കർ ജയന്തി -പദയാത്ര

ഭരണഘടനാ ശിൽപി ഡോ.ബി.ആർ.അംബേദ്കറുടെ ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് അംബേദ്കർ ജയന്തി പദയാത്ര സംഘടിപ്പിച്ചു. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പദയാത്ര ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. യുവ തലമുറ അംബേദ്കറുടെ പാത പിന്തുടർന്ന് ഭരണഘടനാ പ്രതിജ്ഞ പുതുക്കണമെന്ന് ഗവർണർ പറഞ്ഞു. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ ഭരണഘടനയുടെ ആമുഖം വായിച്ച് പ്രതിജ്ഞ ചൊല്ലി കൊടുത്തു. കവടിയാർ വിവേകാനന്ദ പ്രതിമ മുതൽ വെള്ളയമ്പലം വരെയായിരുന്നു പദയാത്ര.

RNU TVPM

*******************

## കണ്ണൂർ -മുഖ്യമന്ത്രി (ഇൻട്രോ)

കണ്ണൂർ മക്രേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സോപാനസംഗീത മ്യൂസിയം, ഊട്ടുപുര എന്നിവയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

സോപാനസംഗീതത്തിന്റെ ചരിത്രവും പ്രാധാന്യവും വിളിച്ചറിയിക്കുന്നതാണ് സോപാനസംഗീതം മ്യൂസിയം. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(വോയിസ്)

*******************

ഓശാന ഞായർ

ഇന്ന് ഓശാന ഞായർ. യേശു ക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തെ ക്രൈസ്തവ മത വിശ്വാസികൾ ഭക്തിപൂർവ്വം അനുസ്മരിക്കുന്ന ദിവസം ആണ് ഓശാന. അൻപത് നോയമ്പിലെ പ്രധാന ദിവസങ്ങളിലൊന്നായ ഓശാനയോട് അനുബന്ധിച്ചു ദേവാലയങ്ങളിൽ കുരുത്തോല പ്രദക്ഷിണം അടക്കമുള്ള പ്രത്യേക ചടങ്ങുകൾ നടന്നു. ഇതോടെ യേശുവിന്റെ അന്ത്യ അത്താഴത്തിന്റെയും,കുരിശു മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മകൾ ഉണർത്തുന്ന വിശുദ്ധ വാരത്തിനും തുടക്കമായി.
തൃശ്ശൂർ സേക്രെഡ് ഹാർട്ട് ലാറ്റിൻ ചർച്ചിലെ ഓശാന ആഘോഷങ്ങളിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുത്തു.സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ ഓശാന ദിനത്തിൽ പ്രഥമ കോഴിക്കോട് ആർച്ച് ബിഷപ്പ് വർഗീസ് ചക്കാലയ്ക്കലിനെ സന്ദർശിച്ചു.

RNU TVPM

*******************

ഓശാന ഞായർ-പത്തനംതിട്ട (ഇൻട്രോ)

പ്രാർഥനാ ദിനങ്ങൾക്ക് തുടക്കമിട്ട് പത്തനംതിട്ട ജില്ലയിലെ വിവിധ ക്രൈസ്തവ ദേവാലയങ്ങളിൽ ഇന്ന് ഓശാന ഞായർ ആചരണം. പരുമലയിലടക്കം വിവിധ ദേവാലയങ്ങളിലെ പ്രാർഥനയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്.ശ്രീധർ.....

(വോയിസ്)

*******************

<u>സമരം</u>

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായുള്ള ടൗൺഷിപ്പിൻറെ പ്രാരംഭ നിർമാണം ആരംഭിച്ച ഭൂമിയിൽ എൽസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികൾ സമരം തുടങ്ങി. സംയുക്ത ട്രേഡ് യൂണിയനാണ് സത്യഗ്രഹ സമരം നടത്തുന്നത്. ശമ്പള കുടിശ്ശികയും ആനുകൂല്യങ്ങളും നൽകാതെ ടൗൺഷിപ്പ് നിർമ്മാണം നടത്തുന്നതിലാണ് പ്രതിഷേധം.

*******************

<u>പ്രധാനമന്ത്രി</u>

അംബേദ്കർ ജയന്തി ദിനമായ നാളെ പ്രധനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കും. ഊർജ മേഖലയിൽ അടക്കം നിരവധി പദ്ധതികൾക്കും അദ്ദേഹം നാളെ തുടക്കം കുറിക്കും. രാവിലെ ഹിസാറിൽ എത്തുന്ന പ്രധാനമന്ത്രി, ഹിസാർ വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ ശിലാസ്ഥാപനവും, ഹിസാർ-അയോദ്ധ്യ വിമാനസർവീസും ഉദ്ഘാടനം ചെയ്യും. 8,470 കോടി രൂപ ചിലവിൽ 233 ഏക്കറിൽ സ്ഥാപിക്കുന്ന 800 MegaWatt അത്യാധുനിക താപവൈദ്യുത നിലയം, GOBARDhan പദ്ധതിയുടെ ഭാഗമായ കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

RNU TVPM

*******************

<u>ലഹരി വിരുദ്ധ ക്യാമ്പെയ്ൻ- യോഗം</u>

ലഹരി വിരുദ്ധ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ മതമേലധ്യക്ഷൻമാരുടെ യോഗവും സർവകക്ഷിയോഗവും വിളിച്ചു. ബുധനാഴ്ച രാവിലെ

മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. അന്ന് വൈകിട്ട് 3.30 നാണ് സർവകക്ഷിയോഗം. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

*******************

<u>വിഷു - ഒരുക്കങ്ങൾ</u>

വിഷു ആഘോഷങ്ങൾക്കുള്ള അവസാന വട്ട ഒരുക്കത്തിലാണ് മലയാളികൾ. വീടുകളിൽ കണിയും സദ്യ വട്ടങ്ങളും ഒരുക്കുന്നതിനുമുള്ള തിരക്കിലാണ്. ക്ഷേത്രങ്ങളിൽ വിഷുക്കണി ദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി. വിപണികളിൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നത്. പൂക്കളും പച്ചക്കറികളും വസ്ത്രങ്ങളും വാങ്ങുന്നതിനാണ് കൂടുതലും തിരക്ക് അനുഭവപ്പെടുന്നത്. വടക്കൻ കേരളത്തിൽ പടക്കവിപണികളും സജീവമാണ്. തെരുവോരങ്ങളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പലവലിപ്പത്തിലുള്ള കൃഷ്ണ വിഗ്രഹങ്ങൾ ആഴ്ചകൾക്കു മുൻപേ സ്ഥലം പിടിപ്പിച്ചിട്ടുണ്ട്.

*******************

<u>ഗവർണർ -വിഷു</u>

ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഹൃദ്യമായ വിഷു ആശംസകൾ നേർന്നു. വിഷുവിൻറെ ഉത്സവം സമൃദ്ധിയുടെയും സംതൃപ്തിയുടെയും ഒരുമയുടെയും ഭാവം കൊണ്ടുവരട്ടെ എന്നദ്ദേഹം പറഞ്ഞു. പ്രകൃതി വിഭവങ്ങളെ പരിപാലിക്കുവാനുള്ള നമ്മുടെ ദൃഢനിശ്ചയത്തിന് ഈ വിഷു പുതിയ ഊർജ്ജം നൽകട്ടെഎന്നും ഗവർണർ ആശംസ സന്ദേശത്തിൽ പറഞ്ഞു.

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളപ്പെടുത്തലാണ് വിഷുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസ സന്ദേശത്തിൽ പറഞ്ഞു. അഭിവൃദ്ധിയുടെ നല്ല നാളുകൾക്കായുള്ള പ്രതീക്ഷകളും സ്വപ്നങ്ങളും പങ്കുവെക്കാൻ ഏവരും ഒത്തുകൂടുന്ന ആഘോഷ നിമിഷങ്ങളാണിത്. നമ്മുടെ ഒരുമയെയും ഐക്യബോധത്തെയും ഊട്ടിയുറപ്പിക്കുന്നതിന്റെ വിളംബരമാവട്ടെ ഈ വർഷത്തെ വിഷു ആഘോഷങ്ങളെന്നും

RNU TVPM

മുഖ്യമന്ത്രി ആശംസിച്ചു.

*******************

<u>സപ്ലൈകോ</u>

സപ്ലൈകോയുടെ എല്ലാ വിഷു - ഈസ്റ്റർ ഫെയറുകൾക്കും സൂപ്പർ മാർക്കറ്റുകളും വിഷുദിവസമായ നാളെ അവധി. ഇന്ന് ഇവ തുറന്നു പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മാവേലി സ്റ്റോറുകൾ ഞായറാഴ്ച പ്രവർത്തിക്കുന്നില്ല.

*******************

<u>കാർത്തികപ്പള്ളി കേരഗ്രാമം</u>

കാർത്തികപ്പള്ളി കേരഗ്രാമം പദ്ധതി ഇന്ന് കൃഷി മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. വൈകിട്ട് ആലപ്പുഴ തോട്ടുകടവ് ഗവൺമെൻറ് യു.പി സ്കൂളിൽ നടക്കുന്ന ചടങ്ങിൽ രമേശ് ചെന്നിത്തല എം.എൽ.എ അധ്യക്ഷനാകും. നാളികേര കൃഷിയുടെ പ്രാധാന്യവും ഉൽപാദനക്ഷമതയും വർധിപ്പിച്ച് കർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാർ കേരഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംയോജിത വളപ്രയോഗം, രോഗകീടനിയന്ത്രണം തുടങ്ങിയ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തി കേരഗ്രാമം പദ്ധതിയുടെ ഒന്നാംവർഷം പൂർത്തീകരിച്ചിരുന്നു. രണ്ടാംവർഷ പ്രവർത്തനങ്ങളുടെ ഉദ്ഘാടനമാണ് ഇന്ന് നടക്കുന്നത്.

*******************

<u>ഐ.പി.എൽ</u>

IPL ക്രിക്കറ്റിൽ ഇന്ന് വൈകിട്ട് 3.30 ന് രാജസ്ഥാൻ ബംഗളുരുവിനെയും രാത്രി 7.30 ന് ഡൽഹി മുംബൈയെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് സൂപ്പർ കിങ്സിനെതിരെ സൺ റൈസേഴ്സ് ഹൈദരാബാദിന് ഉജ്ജ്വല വിജയം. പഞ്ചാബ് നേടിയ 246 റൺസ് വിജയലക്ഷ്യം 18.3

RNUTVPM

ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ ഹൈദ്രബാദ് മറികടന്നു. 55 പന്തിൽ 141 റൺ നേടിയ ഓപ്പണർ അഭിഷേക് ശർമ്മയുടെ സെഞ്ച്വറിയാണ് ഹൈദരാബാദിനെ വിജയത്തിലെത്തിച്ചത്.

*******************

<u>പത്മ അവാർഡ്</u>

2026 ലെ പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു, അടുത്ത വർഷം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പുരസ്ക്കാരങ്ങൾ പ്രഖ്യാപിക്കും. ഈ വർഷം ജൂലൈ 31 വരെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം. കഴിഞ്ഞ മാസം 15 ന് നാമനിർദ്ദേശ പ്രക്രിയ ആരംഭിച്ചു. പത്മ പുരസ്ക്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങളും ശുപാർശകളും രാഷ്ട്രീയ പുരസ്കാർ പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

*******************

<u>മാലിന്യമുക്ത നവകേരളം</u>

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശവകുപ്പ് തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിച്ച വൃത്തി 2025 കോൺക്ലേവിൽ ഏറ്റവും അധികം പുരസ്കാരം ലഭിച്ചത് കണ്ണൂർ ജില്ലക്ക്. മികച്ച ജില്ലയ്ക്കുള്ള പുരസ്കാരം, മികച്ച ജില്ലാ പഞ്ചായത്ത്, മികച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡ് , മികച്ച ബ്ലോക്ക് പഞ്ചായത്ത് തുടങ്ങി ഒട്ടേറെ പുരസ്ക്കാരങ്ങൾ കണ്ണൂർ ജില്ലയ്ക്ക് ലഭിച്ചു.

RNU TVPM

*******************

***********

********